# പതിമൂന്നാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നം. 5196

27 .07.2015-ൽ
മറുപടിയ്ക്ക്

### ജനന രജിസ്ട്രേഷൻ സാധൂകരണത്തിനുള്ള ശ്രീമതി. കദീജയുടെ അപേക്ഷ

**ചോദ്യം**
ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി

**മറുപടി**
ശ്രീ. അടൂർ പ്രകാശ്
റവന്യൂവും കയറും വകുപ്പ് മന്ത്രി

| ചോദ്യം | മറുപടി |
|---|---|
| (എ) ജനനം വൈകി രജിസ്റ്റർ ചെയ്തത് സാധൂകരിക്കുന്നതിന് വേണ്ടി കുട്ടിയുടെ മാതാവ് ശ്രീമതി. കദീജ. പി., വളനാട് ഹൗസ്, ആൽപ്പറമ്പ്, മലപ്പുറം ജില്ലാ സമർപ്പിച്ച അപേക്ഷയിന്മേൽ തിരൂർ ആർ.ഡി.ഒ. ഓഫീസിൽ ഇതുവരെ സ്വീകരിച്ച നടപടികൾ വിശദീകരിക്കുമോ;<br><br>(ബി) ഇതു സംബന്ധമായ 2213/14 തിരൂർ റവന്യു ഡിവിഷൻ ഓഫീസിൽ 06/06/2014-ന് നടന്ന ഹിയറിംഗിന് ശേഷവും സർട്ടിഫിക്കറ്റ് നൽകാത്തതിൻെറ കാരണം വ്യക്തമാക്കുമോ; സർട്ടിഫിക്കറ്റ് നൽകിയിട്ടുണ്ടെങ്കിൽ എന്ന് നൽകി; വിശദമാക്കുമോ; | (എ), (ബി)<br>ശ്രീമതി. കദീജ. പി. വളനാട് ഹൗസ് എന്നവർ ജനനം വൈകി രജിസ്റ്റർ ചെയ്യുന്നതിന് അനുമതിയ്ക്കായി തിരൂർ ആർ. ഡി. ഒ. ഓഫീസിൽ സമർപ്പിച്ച അപേക്ഷയിൽ 06/06/2014-ന് വിചാരണ നടത്തിയിരുന്നുവെങ്കിലും അപേക്ഷയിൽ ന്യൂനതകൾ ഉണ്ടായിരുന്നതിനാൽ ആയത് പരിഹരിക്കുന്നതിനായി മുതുവല്ലൂർ വില്ലേജ് ഓഫീസർക്ക് ടി അപേക്ഷ തിരികെ അയച്ചിരുന്നു. പ്രസ്തുത അപേക്ഷ ന്യൂനത പരിഹരിച്ച് തിരൂർ ആർ. ഡി. ഒ. ഓഫീസിൽ തിരികെ ലഭിച്ച ശേഷം തുടർ നടപടികൾ സ്വീകരിച്ച് ജനനം വൈകി രജിസ്റ്റർ ചെയ്യുന്നതിന് അനുമതി നൽകി ഉത്തരവ് തിരൂർ ആർ. ഡി. ഒ. ഓഫീസിൽ നിന്ന് 06/06/2015 തീയതിയിൽ നൽകിയിട്ടുണ്ട്. |
| (സി) ഇത്തരം വിഷയങ്ങളിൽ സാധാരണക്കാരന് വേഗത്തിൽ പരിഹാരം ഉണ്ടാക്കുവാനും കാലവിളംബത്തിന്റെ കാരണം കൃത്യമായി ബോധിപ്പിക്കുവാനും നടപടി സ്വീകരിക്കുമോ? | (സി) ഇത്തരം വിഷയങ്ങളിൽ ബോധപൂർവ്വമായ കാലവിളംബരം ഉണ്ടാകുന്നില്ല. നിയമപരമായി പാലിക്കേണ്ട കാര്യങ്ങൾ ചെയ്യുമ്പോൾ ഉണ്ടാകുന്ന കാലതാമസം മാത്രമേ ഇത്തരം സംഗതികളിൽ ഉണ്ടാകാറുള്ളു. |

സെക്ഷൻ ഓഫീസർ